(c) ടിയാന്റെ നന്മതിന്മകളെ കുറിച്ച് പൊല്ലീസ് കമ്മീഷണർ ചെയ്തിട്ടുള്ള റിപ്പോർട്ടിന്റെ ഒരു കോപ്പി ഈ മേശപ്പുറത്തു വക്കാമോ?

രാമവമ്മതമ്പുരാൻ.—(a) ഗവമ്മെണ്ട്.

(b) ടിയാനെ പൊല്ലീസ് ഡിപ്പാർട്ടുമെണ്ടിൽ തരം താഴ്ത്തുക ഉണ്ടായിട്ടില്ല.

(c) റിപ്പോർട്ട് നിയമസഭാ സിക്രട്ടേരിയുടെ മേശപ്പുറത്തു വക്കുന്നുണ്ട്.

Warden—Anandapuram Colony.

125. മിസ്റ്റർ കെ. പി. വള്ളോൻ.—ആനന്ദപുരം കോളനി ശാന്തിക്കാരനായിരുന്ന ഈശ്വരാനന്ദൻസ്വാമി ഇപ്പോൾ എന്തുജോലി ചെയ്യുന്നു; അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പേരെന്ത്; ടിയാന്റെ രാജ്യം ഏതു?

രാമവമ്മതമ്പുരാൻ.—ഇപ്പോഴും ആനന്ദപുരം കോളനിയിൽ ഹോണററി വാർഡനാണ്. ഇപ്പോൾ വേറെ പേരില്ല. രാജ്യം ചേന്ദമംഗലമാണ്.

Appointments—Department of the Protector of Depressed Classes.

126. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥന്മാരായി അധഃകൃതരെ നിയമിക്കാത്തതിന്റെ രഹസ്യം ഗവമ്മെണ്ട് മനസിലാക്കീട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥന്മാരായി അധഃകൃതരേയും നിയമിച്ചിട്ടുണ്ട്.

Giving stipends in certain schools.

127. മിസ്റ്റർ കെ. പി. വള്ളോൻ.—ചില സ്കൂളുകളിൽ ഇതുവരേയും സ്റ്റൈപ്പണ്ട് കൊടുക്കാതിരിക്കുന്നതിനുള്ള കാരണം എന്തു; സ്റ്റൈപ്പണ്ട് മുതലായവ താമസിക്കുന്നതു് ആരുടെ ഉദാസീനതയാണ്?

രാമവമ്മതമ്പുരാൻ.—ഈ കൊല്ലത്തിൽ പുതിയതായി ചേർന്നിട്ടുള്ള അധഃകൃത വിദ്യാർത്ഥികൾക്കു മാത്രമേ സ്റ്റൈപ്പണ്ട് കൊടുക്കാതെയുള്ളൂ. അവക്കു കൊടുക്കുന്ന കാര്യം ആലോചനയിലാണ്. ഉടനെ തീർച്ചയാവും.

Vettuva Co-operative Society.

128. മിസ്റ്റർ കെ. പി. വള്ളോൻ.—(a) അരനാട്ടുകര വെട്ടുവ പരസ്പരസഹായസംഘക്കാർക്കു കൊടുക്കുവാനുള്ള സംഖ്യക്കു സംരക്ഷകന്റെ പേരിൽ കേസു് കൊടുക്കുന്നതാണെന്നു മിനിറ്റു് പാസാക്കിയതായറിഞ്ഞു സംരക്ഷകനും ഇൻസ്പെക്ടർ ടി. കെ. രാമ

LIBRARY ARCHIVES Kerala Legislative Assembly

നും സ്ഥലത്തെത്തി പഞ്ചായത്തുകാരേയും പ്രസിഡെണ്ടിനേയും മറ്റും മാറ്റി ടി മനിഷ്യൻ മാറ്റി എഴുതിച്ചില്ലേ;

(b) ഇതിന്റെ രഹസ്യമെന്തു?

രാമവമ്മതമ്പുരാൻ.—(a) ഇല്ല.

(b) ഉത്തരം ആവശ്യമില്ല.

Irregularities—Protector, Depressed Classes.

129. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകന്റെ ക്രമക്കേടുകളെപ്പറ്റി സർക്കാരിന്നു് വല്ല അന്വേഷണവും നടത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

രാമവമ്മതമ്പുരാൻ.—എന്തു് ക്രമക്കേടുകൾ എന്നു അറിയാത്തതിനാൽ മറുപടി പറയുവാൻ സാധിക്കുന്നില്ല.

Colony for Kattur.

130. മിസ്റ്റർ കെ. പി. വള്ളോൻ.—കാട്ടർ നിവാസികളായ അധഃകൃതർക്കു കോളനി ഉണ്ടാക്കുവാൻ ഒരു സ്ഥലം അകപ്പയർ ചെയ്തിട്ടു് എത്രകാലമായി; ആ സ്ഥലം ഇതുവരേയും ആരെ ഏല്പിച്ചിരിക്കുന്നു; അതിൽനിന്നുള്ള ആദായം എത്ര?

രാമവമ്മതമ്പുരാൻ.—കാട്ടർ അധഃകൃത കോളനിക്കായി സ്ഥലം അകപ്പയർ ചെയ്തതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly